<u>പതിമൂന്നാം കേരള നിയമസഭ</u>

<u>അഞ്ചാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 1873</u>  <u>19.06.2012-ൽ മറുപടിയ്ക്ക്</u>

## കൂടംകുളം നിലയത്തിൽ നിന്നും കേരളത്തിന് അർഹമായ വൈദ്യുതി

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| ശ്രീ. വി.ഡി. സതീശൻ :<br>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :<br>ശ്രീ. ബെന്നി ബഹനാൻ :<br>ശ്രീ. റ്റി.എൻ. പ്രതാപൻ : | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി) |
| (എ) കൂടംകുളം ആണവ വൈദ്യുതി നിലയത്തിൽ നിന്ന് കേരളത്തിന് അർഹമായ വൈദ്യുതി ലഭിക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) കൂടംകുളം (2000 MW) ആണവ നിലയത്തിൽ നിന്നും 2004 ൽ 266 MW വൈദ്യുതി കേരളത്തിന് കേന്ദ്ര സർക്കാർ അനുവദിച്ചു നൽകി. ദക്ഷിണ മേഖലയിൽ സ്ഥിതി ചെയ്യുന്നതും കേരളത്തിനോട് ചേർന്നു കിടക്കുന്നതുമായ പദ്ധതി ആയതിനാൽ കേരളത്തിന്റെ രൂക്ഷമായ വൈദ്യുതി പ്രതിസന്ധി നേരിടാൻ കൂടംകുളം പദ്ധതിയിൽ നിന്നുള്ള വൈദ്യുതി വിഹിതം കൂട്ടി നൽകണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നു. |
| (ബി) ഗാഡ്ഗിൽ സൂത്രവാക്യം അനുസരിച്ച് എത്ര ശതമാനം വൈദ്യുതിയാണ് കേരളത്തിന് അർഹമായിട്ടുള്ളത്; | (ബി) ഗാഡ്ഗിൽ സൂത്രവാക്യമനുസരിച്ച് സംസ്ഥാനത്തിനു ലഭിച്ച പരമാവധി വിഹിതം താൽച്ചർ II നിലയത്തിൽ നിന്നും ലഭിച്ച 14% എന്നതാണ്. എന്നാൽ ഏറ്റവും ഒടുവിൽ അനുവദിച്ച സിംഹാദ്രി II (1000 MW) ൽ നിന്നും 8.09% മാത്രമാണ് കേരളത്തിന് ലഭിച്ചത്. |
| (സി) എത്ര മെഗാവാട്ട് വൈദ്യുതിയാണ് കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുള്ളത്; വിശദാംശങ്ങൾ നൽകുമോ ? | (സി) പാരിസ്ഥിതിക പ്രശ്നങ്ങൾ മൂലം കേരളത്തിന് ജല വൈദ്യുത പദ്ധതികൾ നഷ്ടമാകുന്നതിന് പകരമായി കൂടംകുളം പദ്ധതിയിൽ നിന്നും 500 MW എങ്കിലും കേരളത്തിന് ലഭ്യമാക്കണമെന്നാണ് കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ.